LIBRARY ARCHIVES Kerala Legislative Assembly

ചാവക്കാട് താലൂക്ക് ഹോസ്പിറ്റലിന്റെ പ്രവർത്തനം

44 (2253) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാവക്കാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ മതിയായ ഡോക്ടർമാരില്ലാത്തതിനാൽ പൊതുജനങ്ങൾ കഷ്ടതയനുഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇവിടേയ്ക്ക് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ചാവക്കാട് താലൂക്ക് ഹോസ്പിറ്റലിൽ നഴ്സ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗൈനക്കോളജി വിഭാഗത്തിലേയും ഓർത്തോ പീഡിക് വിഭാഗത്തിലേയും മെഡിക്കൽ കൺസൾട്ടന്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽനിന്നും സ്ഥാനക്കയറ്റം നൽകി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചാവക്കാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ സ്റ്റാഫ് നെഴ്സിന്റെ ആകെ 17 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ 17 സ്റ്റാഫ് നഴ്സുമാരും അവിടെ ജോലി നോക്കുന്നു. നിലവിൽ ഒഴിവുകളൊന്നുമില്ല.

വൈറ്റമിൻ എ വിതരണം

45 (2254) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച "വൈറ്റമിൻ എ" യുടെ വിതരണം മറികടക്കാൻ സ്വീകരിച്ചിട്ടുള്ള അടിയന്തര മാർഗ്ഗങ്ങൾ വിശദമാക്കുമോ ;

(ബി) ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശപ്രകാരം കേന്ദ്ര സർക്കാർ സൗജന്യമായി വിതരണം ചെയ്തിരുന്ന പ്രസ്തുത മരുന്നിന്റെ വിതരണം പുനഃസ്ഥാപിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) അടിയന്തര ആവശ്യം നേരിടാൻ വൈറ്റമിൻ എ, കെ.എം.എസ്.സി. മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) വിറ്റാമിൻ എ 100 മി.ലി.ന്റെ 60000 എണ്ണം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻമുഖേന വാങ്ങിനൽകുന്നതിനായി ദേശീയ ഗ്രാമീണ ആരോഗ്യദൗത്യത്തിന്റെ കേരള സംസ്ഥാന മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടുകയുണ്ടായി. പ്രത്യുല്പാദനവും ശൈശവ ആരോഗ്യവും (RCH-Reproductive Child Health) എന്ന പദ്ധതിയുടെ സംസ്ഥാനതലപ്രോഗ്രാം മാനേജർ നൽകിയ സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിറ്റാമിൻ-എ സംഭരിക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പർച്ചേസ് ഓർഡർ നൽകി, അവ വിവിധ ജില്ലാ മരുന്ന് സംഭരണശാലകളിലൂടെ ലഭിക്കുന്നതനുസരിച്ച് ആശുപത്രികൾക്ക് വിതരണം ചെയ്യുംവരുന്നു. വിറ്റാമിൻ എ-യുടെ വിതരണ ഓർഡർ നൽകിയതിന്റെയും അതനുസരിച്ച് ലഭ്യമായവ വിതരണം നടത്തിയതിന്റെയും ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (15-6-2015 വരെ) :

ജില്ല	ഓർഡർ നൽകിയത്	ലഭ്യമായത്/വിതരണം നടത്തിയത്
തിരുവനന്തപുരം	6270	5670
കൊല്ലം	4350	4100
പത്തനംതിട്ട	3180	3180
ആലപ്പുഴ	4000	3995
കോട്ടയം	3000	2965
ഇടുക്കി	3780	3580
എറണാകുളം	4980	4965
തൃശ്ശൂർ	5000	4962
മലപ്പുറം	6000	5600
പാലക്കാട്	5000	4999
കോഴിക്കോട്	4980	4980
വയനാട്	2460	2359
കണ്ണൂർ	4000	4000
കാസർഗോഡ്	3000	2700
ആകെ	60000	58055

മേൽപട്ടിക പ്രകാരം കോർപ്പറേഷനോട് ആവശ്യപ്പെട്ടതനുസരിച്ചുള്ള വിറ്റാമിൻ എ-യുടെ 97 ശതമാനത്തോളം വിതരണം നടത്തിക്കഴിഞ്ഞു.

അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ

46 (2255) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ട് മുഖേന ആകെ എത്ര അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളാണ് സംസ്ഥാനത്തുള്ളത് ;

(ബി) ഇതിൽ ഓരോ ജില്ലയിലും എത്ര ആംബുലൻസ് സർവ്വീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) ഓരോജില്ലയിലും എത്ര ആംബുലൻസുകളാണ് ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളത് ;

(ഡി) പ്രവർത്തനക്ഷമമല്ലാത്ത ആംബുലൻസുകൾ പ്രവർത്തന സജ്ജമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ആകെ 43 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിൽ 25-ഉം ആലപ്പുഴ ജില്ലയിൽ 18-ഉം അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(സി) 10-6-2015-ൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന 25 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളിൽ 21 എണ്ണം പ്രവർത്തനക്ഷമവും 4 എണ്ണം വാർഷിക ഫിറ്റ്നസ് ടെസ്റ്റിനുവേണ്ടിയുള്ള ജോലികൾക്കായി വർക്ഷോപ്പിലുമാണ്. ആലപ്പുഴ ജില്ലയിൽ 11 ആംബുലൻസുകൾ പ്രവർത്തനക്ഷമവും 6 എണ്ണം വാർഷിക ഫിറ്റ്നസ് ടെസ്റ്റിനുവേണ്ടിയുള്ള ജോലികൾക്കായി വർക്ഷോപ്പിലുമാണ്. ഒരു ആംബുലൻസ് മറ്റ് കാരണങ്ങളാൽ പ്രവർത്തന സജ്ജമല്ല.

(ഡി) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ പ്രവർത്തനക്ഷമമല്ലാത്ത ആംബുലൻസുകൾ നിയമപരമായ വാർഷിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly